(ഡി) നന്മ സ്റ്റോറുകൾ എല്ലാം ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചിട്ടുള്ളത്. ഇവയിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളിൽ 63 എണ്ണവും സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകളിൽ 560 എണ്ണവും നിർത്തലാക്കിയിട്ടുണ്ട്.

(ഇ) നന്മ സ്റ്റോറുകളിൽ പൂർണ്ണമായും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും ഇത്തരത്തിൽ പ്രവർത്തനം തുടർന്നാൽ ഫെഡറേഷന്റെ സാമ്പത്തിക മാന്ദ്യം വർദ്ധിക്കുന്നതിനുമാത്രം ഇടയാക്കുമെന്ന അവസ്ഥയിലുള്ളതുമായ സ്ഥാപനങ്ങൾ നിർത്തലാക്കുവാൻ ഫെഡറേഷൻ നിർബന്ധിതമായ സാഹചര്യത്തിലാണ് ടി സ്റ്റോറുകൾ അടച്ചുപൂട്ടാനിടയായത്.

റ്റി. കരുണാകരന് അനുവദിച്ച കടാശ്വാസം

81 (3235) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കാസർഗോഡ് ജില്ലയിൽ മുന്നാട് വില്ലേജിൽ താമസിക്കുന്ന റ്റി.കരുണാകരൻ എന്നയാൾക്ക് കർഷക കടാശ്വാസ കമ്മീഷൻ അനുവദിച്ച കടാശ്വാസം G.O. (M.S) No.264/10/AD/Dated 6-10-2010-ലെ ഉത്തരവ് പ്രകാരം (Application No.306706/08/AD) ഇതുവരെ വഭ്യമാക്കി ടിയാന്റെ പ്രമാണം തിരികെ നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷൻ അനുവദിച്ച പ്രകാരമുള്ള തുക സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിന്നും ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം ബാങ്കിന് (കാസർഗോഡ്) നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ തുക ഇതുവരെ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം ശ്രീ. റ്റി. കരുണാകരൻ ടിയാന്റെ വിഹിതമായ 15000/- രൂപ 28-4-2010-ൽ ബാങ്കിൽ അടച്ച് പണയ ആധാരങ്ങൾ തിരികെ വാങ്ങിയിട്ടുണ്ട്.

(ബി) നൽകിയിട്ടില്ല.

(സി) ശ്രീ. റ്റി. കരുണാകരൻ ബേഡഡുക്ക ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 11-4-2005-ന് 25000 രൂപ എം.ടി.എൻ.എ. വായ്പയായും 6-1-2007-ൽ 25000 രൂപ എസ്.റ്റി.എൻ.എ. വായ്പയായും എടുത്തിരുന്നു. ടി

LIBRARY ARCHIVES Kerala Legislative Assembly

വായ്പയ്ക്ക് കടാശ്വാസ കമ്മീഷന് ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചതു പ്രകാരം ഹിയറിംഗ് നടക്കുമ്പോൾ രണ്ട് വായ്പകളിലുമായി മുതലും പലിശയുമായി 45300 രൂപ ബാക്കി നിൽപ്പുണ്ടായിരുന്നു. കടാശ്വാസ കമ്മീഷൻ 306706/08/എ.ഡി. നമ്പർ അപേക്ഷയിന്മേൽ നൽകിയ അവാർഡിൽ 15000 രൂപ വായ്പക്കാരൻ അടയ്ക്കുന്നതിനും 300 രൂപ ബാങ്ക് ഇളവ് നൽകുന്നതിനും 30000 രൂപയുടെ ബാധ്യത സർക്കാർ ഏറ്റെടുത്തും ഉത്തരവായിരുന്നു. വായ്പക്കാരൻ 28-4-2010-ന് വായ്പക്കാരന്റെ വിഹിതം അടച്ചത് പ്രകാരം ടിയാന് അന്നേ ദിവസം തന്നെ പണയാധാരങ്ങൾ ബാങ്ക് തിരികെ നൽകിയിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത ബാധ്യതയായ 30,000 രൂപ 6-10-2010-ലെ ജി.ഒ.(എം)എസ്.) 264/10/എ.ഡി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിരുന്നു. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ടി യുകയുടെ അർഹത ഉറപ്പാക്കുന്നതിനുള്ള വകുപ്പുതല പരിശോധനയിൽ എം.ടി.എൻ.എ. വായ്പ അവസാനിപ്പിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയതിനാലും എസ്.ടി.എൻ.എ. വായ്പയിൽ ബാക്കി നിൽപ്പുള്ള കാര്യം ബാങ്ക് പരിശോധനാ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്താത്തതിനാലുമാണ് സർക്കാർ ആനുകൂല്യം ബാങ്കിന് അനുവദിച്ച് നൽകാതിരുന്നത്.

സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ

82 (3236) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ അപേക്ഷിച്ചാലുടൻ തന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/സംഘങ്ങൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പയെടുക്കുന്നതിന് ജാമ്യം നൽകാൻ കഴിയാത്തവർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly